DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

M 8847

Reg. No.: ..............................

Name : ..................................

**First Semester B.A./B.Sc. (Supplementary/Improvement) Degree Examination, November 2010**
**MALAYALAM (Common)**
**Course No.1 – 1A07 MAL : സാഹിത്യപഠനങ്ങൾ**
**(2009 Admn.)**

Time : 3 Hours  Total Weightage : 30

I. നാലു വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (4×1=4 വെയിറ്റേജ്)

1) 'അമ്പലം, പല പള്ളി, ഹിന്ദുവും മുസൽമാനും
സമ്പന്നമാക്കി ത്തീർത്ത നഗരം, നാട്ടിൻപുറം,
മതവൈരത്തിൻ ജ്വലജ്ജാലയാൽ സംസ്ക്കാരത്തിൻ
ചിതയാവതോർത്തേന്തി വിതുമ്പും കളിന്ദജ'

a) നഗരവും നാട്ടിൻ പുറവും സമ്പന്നമായതെങ്ങനെ ?

b) സംസ്ക്കാരത്തിന്റെ ചിതയായതെന്ത് ?

c) വിതുമ്പുന്നതാര് ?

d) ഈ വരികൾ എഴുതിയ കവിയുടെ പേര് ?

2) നരി വന്നാൽ വന്നോട്ടെ, സുപരീക്ഷിതങ്ങളെൻ
ചരണങ്ങൾ, ഞാനൊരു പെണ്ണല്ലല്ലോ.

a) ഈ വരികൾ ഏതു കൃതിയിലുള്ളതാണ് ?

b) ഈ വരികൾ രചിച്ചതാര് ?

c) 'നരി വന്നാൽ വന്നോട്ടെ' എന്നു ചിന്തിക്കാൻ കാരണമെന്ത് ?

d) ഞാനൊരു പെണ്ണല്ലല്ലോ' – ഇതിന്റെ പൊരുളെന്ത് ?

P.T.O.

3) 'അതു കണ്ടിട്ടാണ് വിജയികളായ പാണ്ഡവർ പോലും വിഷണ്ണരായിപ്പോയത്'.

a) ഏതു കണ്ടിട്ടാണ് വിഷണ്ണരായത് ?

b) പാണ്ഡവർ വിജയികളായതെവിടെ ?

c) ഈ വരികൾ ഏത് കൃതിയിലേത് ?

d) ഈ വരികൾ എഴുതിയതാര് ?

4) 'വരണ്യ മേലാളവർഗ്ഗം ശകാരം നടത്താറുള്ളത് വടുകാ, കൊശവാ, പുലയാ, നായാടീ തുടങ്ങിയ സംബോധനകളിലൂടെയാണ്''.

a) ഈ ആശയം ആരുടേത് ?

b) ഈ ആശയം ഏതു രചനയിലാണുള്ളത് ?

c) വരണ്യ മേലാളവർഗ്ഗം ശകാരം നടത്തുന്നതെങ്ങനെ ?

d) വരണ്യ മേലാളന്മാർ ആര് ?

5) a) ആഫ്രിക്ക എന്ന കവിത രചിച്ചതാര് ?

b) ആഫ്രിക്ക എന്ന കവിത ഏതു കാവ്യസമാഹാരത്തിലുള്ളതാണ് ?

c) കവിതയിലെ പ്രമേയം എന്ത് ?

d) 'ക്വാമേൻക്രൂമാ' എന്ന നേതാവ് ആരായിരുന്നു ?

II. **എഴുപത്തിയഞ്ച് (75)** വാക്കുകളിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) 'വിജ്ഞാനം നേടിയേ അടങ്ങൂ എന്ന് ആഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. ശപഥം ചെയ്തതാര് ? സാഹചര്യം എന്ത് ?

7) പെണ്ണെഴുത്ത് ഒരു ചീത്ത വാക്ക് എന്നു വിശ്വസിക്കുന്ന എഴുത്തുകാരികളുണ്ട്. അതിനുള്ള കാരണമെന്ത് ?

8) 'ഈ അധർമ്മം ചെയ്താൽ അഗാധമായ നരകത്തിലാഴുകയാണേ ഫലം' – താക്കീത് ആരുടേത് ? സന്ദർഭവും ആശയവും എഴുതുക.

9) 'കാവു തീണ്ടല്ലേ' എന്ന അഭ്യർത്ഥനയുടെ പൊരുളെന്ത് ?

10) പുലിയൂർ കാളിയും നങ്ങച്ചൂർ ഭഗവതിയും നാട്ടു പഴമയിൽ നിറയുന്നതെങ്ങനെ ?

III. **നൂറ്റിയമ്പതു (150)** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.
**(5×2=10 വെയിറ്റേജ്)**

11) ആഫ്രിക്കയിൽ പ്രതിഷേധത്തിന്റെ പടഹധ്വനി കേട്ടുതുടങ്ങിയതെങ്ങനെ ?

12) ജീവിതത്തിലെ വൈരുദ്ധ്യങ്ങളെ കണ്ണീർപ്പാടത്തിൽ സമന്വയിപ്പിക്കുന്നതെങ്ങനെ ?

13) എനിക്കു ഭീഷ്മരും കർണ്ണനും ദ്രോണരും ചെയ്യു തരാത്തത് നിങ്ങൾ മൂന്നുപേരും കൂടി ചെയ്യു തന്നു.' ധീര പ്രവൃത്തി എന്ത് ? സന്തോഷിക്കുന്നതാര് ?

14) ഭാഷകളുടെ സമ്പർക്കം ആവശ്യമാണെന്ന ചിന്തയുടെ അടിസ്ഥാനം വ്യക്തമാക്കുക.

15) പെണ്ണെഴുത്ത് എന്ന വാക്ക് ചിട്ടപ്പെട്ടതെങ്ങനെ ?

16) യോഗക്ഷേമ സഭയുടെ പ്രാരംഭ പ്രവർത്തനങ്ങൾ വിവരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **(3×4=12 വെയിറ്റേജ്)**

17) കണ്ണീർപ്പാടം എന്ന ശീർഷകം ആ കവിതയ്ക്ക് അനുയോജ്യമാകുന്നതെങ്ങനെ ?

18) 'കാവുതീണ്ടല്ലേ കുടി വെള്ളം മുട്ടും' എന്ന പഠനത്തിൽ സുഗതകുമാരി ഉന്നയിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തെല്ലാം ?

19) ആധുനിക മലയാള നോവലിൽ വേറിട്ടൊരു വഴിയിലാണ് മരക്കാപ്പിലെ തെയ്യങ്ങൾ' എന്ന നോവലിന്റെ നില – ചർച്ചചെയ്യുക.

20) " 'കണ്ണീരും കിനാവും' പോലെ ആസ്വാദകരുടെ ഉള്ളിൽ തട്ടുന്ന മറ്റൊരാത്മകഥ മലയാളത്തിലുണ്ടായിട്ടില്ല." – പരിശോധിക്കുക.

---